വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ആവശ്യപ്പെട്ടിരുന്നു. 2004 ജൂലൈ 20-ാം തീയതിയാണ് ഇക്കാര്യം ആദ്യമായി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചത്.

(ബി) ഇക്കാര്യം പരിശോധനയിലാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ പൊതുവായ ഒരു നിയമ നിർമ്മാണം നടത്തുന്നതിന് നടപടി എടുത്തുവരുന്നുണ്ട്. കേരള വിദ്യാഭ്യാസ മന്ത്രി കേന്ദ്ര മാനവശേഷി വികസന മന്ത്രിയെ നേരിൽ കണ്ട് സംസാരിക്കുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

യു. ജി. സി.-യുടെ പിന്നോക്ക ജില്ലാ വികസന പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്താൻ നടപടി

*20 [375] ശ്രീ. ടി. കെ. ദേവകുമാർ:
„ രാജു എബ്രഹാം:
„ മത്തായി ചാക്കോ:
„ കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം കൈവരിച്ച നേട്ടം ഈ മേഖലയിൽ കേന്ദ്രത്തിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നതിന് തടസ്സമായി തീർന്നിരിക്കുകയാണെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നിവേദനം കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്;

(ഇ) യു.ജി.സി.-യുടെ പിന്നോക്ക ജില്ലാ വികസന പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) അങ്ങനെ കരുതുന്നില്ല. എന്നാൽ സാമൂഹ്യപരമായി ഉന്നത നിലവാരത്തിലെത്തിയ തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ കുറവു വരുത്താവുന്നതാണെന്ന കേന്ദ്ര ധനമന്ത്രിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി ആന്റ് ഡി) ഇക്കാര്യം അടിയന്തിരമായി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന് നിവേദനം നൽകിയിട്ടുണ്ട്. എലിമെന്ററി വിദ്യാഭ്യാസ രംഗത്ത് കേരളം കാര്യമായ പുരോഗതി നേടിയിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ വേണ്ടത്ര പുരോഗതി കേരളം കൈവരിച്ചിട്ടില്ലെന്നും ആയതിനാൽ കേന്ദ്ര സർക്കാരിന്റെ വേർതിരിവ് പുനഃപരിശോധിക്കേണ്ടതാണെന്നും കേരളത്തിന് മതിയായ തുക ഉന്നത വിദ്യാഭ്യാസ മേഖലയിൽ പദ്ധതി വിഹിതമായി അനുവദിക്കണമെന്നും നിവേദനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ ഇടുക്കി, വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇപ്പോഴും പിന്നോക്കാവസ്ഥയിലാണെന്നും ആയതിനാൽ ഈ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മതിയായ ധനസഹായം ലഭ്യമാക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കൂടാതെ യു.ജി.സി.-യുടെ പത്താം പദ്ധതിയിൽ ഒരു പ്രത്യേക പാക്കേജ് ആയി പരമാവധി ധനസഹായം ലഭ്യമാക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാനും വൈസ്ചെയർമാനും ആയി, സർക്കാർ ഡൽഹിയിൽവച്ച് 28-10-2004-ന് ചർച്ച നടത്തിയിട്ടുണ്ട്. ഗവ. കോളേജുകൾക്ക് പ്രത്യേക ധനസഹായത്തിനായി പ്രൊപ്പോസലുകൾ യു.ജി.സി.-ക്ക് അയച്ചിട്ടുണ്ട്.

ഇതിനു പുറമെ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നാഷണൽ കോമൺ മിനിമം പ്രോഗ്രാമിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ 10 ജില്ലകൾ തെരഞ്ഞെടുക്കപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ 10 പോളിടെക്നിക്കുകൾക്കും വികസനത്തിനായി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) യു.ജി.സി.-യുടെ പിന്നോക്ക ജില്ലാ വികസന പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക പുനഃപരിശോധനയ്ക്കായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly